(ബി) കഴിഞ്ഞവർഷത്തെ എസ്.എസ്.എൽ.സി. റാങ്ക് നിർണ്ണയത്തിൽ അപാകത ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് പരിഹരിച്ചതെങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(സി) മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷയുടെ ഉത്തരക്കടലാസ്സുകൾ വീണ്ടും വാല്യൂവേഷൻ നടത്തിയപ്പോൾ പുതിയതായി എത്ര പേർക്ക് പ്രവേശനം ലഭിച്ചു; എത്രപേർക്ക് പ്രവേശനം നഷ്ടപ്പെട്ടു;

(ഡി) പരീക്ഷ നടത്തിപ്പിനെ സംബന്ധിച്ചുണ്ടായ പരാതികൾക്ക് ഉത്തരവാദികളായ എത്രപേർക്ക് എതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) :

(എ) എസ്.എസ്.എൽ.സി, പ്രീഡിഗ്രി. ഡിഗ്രി എന്നീ പരീക്ഷകളിൽ അപാകതകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷകളിലെ പോരായ്മകൾ പരിഹരിക്കുന്നതിന് സർക്കാർ നിയമിച്ച വിദഗ്ദ്ധ സമിതി ശുപാർശകൾ സമർപ്പിക്കുകയും അവ നടപ്പിലാക്കുന്നതിനായി ജി.(എം.എസ്)153/99/ഉ.വി.വ. നമ്പരായി 22.11.99-ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞവർഷത്തെ എസ്.എസ്.എൽ.സി. റാങ്ക് നിർണ്ണയത്തിൽ അപാകത ഉണ്ടായിട്ടില്ല. എന്നാൽ പുനർമൂല്യനിർണ്ണയത്തിന് അപേക്ഷ ലഭിച്ചതിൻപ്രകാരം ഒരു കുട്ടിയുടെ ഉത്തരപേപ്പർ പുനർനിർണ്ണയം നടത്തിയപ്പോൾ കൂടുതൽ മാർക്കിന് അർഹത നേടുകയും അതുകൂടി കൂട്ടിയപ്പോൾ അഞ്ചാം റാങ്കിന് ലഭിച്ചത്രയും മാർക്ക് കിട്ടുകയുമാണുണ്ടായത്.

(സി) ഒന്നാമത് പ്രസിദ്ധീകരിച്ചിരുന്ന റാങ്ക്ലിസ്റ്റിനെ അടിസ്ഥാനപ്പെടുത്തി പ്രവേശന നടപടികൾ ആരംഭിച്ചപ്പോൾ തന്നെ റാങ്കുകൾ പുനഃക്രമീകരണം നടത്തേണ്ടിവന്നതിനാൽ പുനഃക്രമീകരണത്തിലൂടെ എത്രപേർക്ക് പ്രവേശനം നഷ്ടമായെന്നോ പുതുതായി എത്രപേർക്ക് പ്രവേശനം ലഭിച്ചെന്നോ വ്യക്തമാക്കാൻ കഴിയുന്നില്ല. ഏതായാലും പുനഃക്രമീകരണത്തിന്റെ ഫലമായി ഏതെങ്കിലും പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കാത്തവരായി ആരും തന്നെ ഇല്ല. എന്നാൽ ചിലർക്ക് കോഴ്സുകളിൽ മാറ്റം വന്നിട്ടുണ്ട്.

(ഡി) ചോദ്യപേപ്പറിൽ തെറ്റുകളുണ്ടായതിന് ഉത്തരവാദികളായവരെ മേലിൽ ഇത്തരം ജോലികൾ ഏൽപ്പിക്കുന്നതിൽ നിന്നൊഴിവാക്കുന്നതാണ്.

30 (*266) പൗരാണിക സാംസ്കാരിക സ്ഥാപനങ്ങളുടെ തനിമ നിലനിറുത്താൻ നടപടി

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> :
<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> :
<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൗരാണികമായ സാംസ്കാരിക സ്ഥാപനങ്ങളുടെ തനിമ നിലനിർത്തുന്നതിനും അവ സംരക്ഷിക്കുന്നതിനും സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പല പുരാതന സാങ്കേതിക സ്ഥാപനങ്ങളും മതിയായ സംരക്ഷണം ലഭിക്കാതെ നശിച്ചുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവയുടെ പൗരാണികമായ തനിമ നിലനിറുത്തിക്കൊണ്ട് സംരക്ഷിക്കുന്നതിന് സർക്കാർ പ്രത്യേക താൽപ്പര്യം എടുക്കുമോ;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം സാംസ്കാരിക സ്ഥാപനങ്ങളാണ് സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കുന്നത്;

(ഇ) പുരാതനമായ കൂടുതൽ സ്ഥാപനങ്ങൾ സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കുവാൻ ശ്രമിക്കുമോ;

(എഫ്)ഇത്തരം പൗരാണിക കേന്ദ്രങ്ങളിൽ പൊതുജനങ്ങൾക്ക് സന്ദർശനം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ പൗരാണികമായ സാംസ്കാരിക സ്മാരകങ്ങളുടെ തനിമ നിലനിറുത്തിക്കൊണ്ട് അവ സംരക്ഷിക്കുന്നതിനായി സാംസ്കാരിക പൈതൃക സംരക്ഷണനിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതു സംബന്ധിച്ച് വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് രണ്ട് ദിവസം നീണ്ടുനിന്ന ഒരു സെമിനാർ സംസ്ഥാനതലത്തിൽ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത നിയമനിർമ്മാണം പൂർത്തിയാക്കുന്നതിലേക്കായി പ്രാദേശിക സെമിനാറുകളും സംഘടിപ്പിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൈതൃക സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രസ്തുത സ്മാരകങ്ങളുടെ ശാസ്ത്രീയമായ സംരക്ഷണം ഉറപ്പുവരുത്തുന്നതാണ്.

(സി) ഇവയുടെ പൗരാണികമായ തനിമ നിലനിറുത്തിക്കൊണ്ടാണ് പുരാവസ്തു വകുപ്പ് ഇവ സംരക്ഷിക്കാറുള്ളത്.

(ഡി) സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി വച്ചിട്ടുണ്ട്.[†]

(ഇ) സാംസ്കാരിക സ്മാരകങ്ങളുടെ പ്രാധാന്യം കണക്കിലെടുത്തും സർക്കാരിന്റെ സാമ്പത്തിക പരിധിക്കുള്ളിൽനിന്നുകൊണ്ടും കൂടുതൽ സ്ഥാപനങ്ങൾ ഏറ്റെടുത്ത് സംരക്ഷിക്കുന്നതാണ്.

(എഫ്)സംരക്ഷിത സ്മാരകങ്ങളിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പൊതുജനങ്ങൾക്ക് സന്ദർശനം അനുവദിച്ചിട്ടുണ്ട്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

[†] അനുബന്ധം I

1093/2010.

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചർച്ചകൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ

നീതിന്യായമെന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടേയും സ്റ്റേഷനറിയും അച്ചടിയും ഭരണപരമായ സർവ്വീസുകൾ എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥന യുടേയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ഗതാ തഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പലവക വായ്പകളും മുൻകൂറുകളുമെന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ ഉപധനാ ഭ്യർത്ഥനകൾ പാസ്സാക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഈ ഡിമാന്റ്സിനെ പറ്റിയുള്ള ചർച്ചകൾ നടത്തുകയും ഇവിടെ മന്ത്രിമാർതന്നെ വരാതിരിക്കുകയും ചെയ്യുന്നത് വളരെ മോശമാണ്. അവരുടെ വകുപ്പുകളിലാണ് പല കാര്യങ്ങളും പാസ്സാക്കുന്നത്.

മി. സ്പീക്കർ: സ്ട്രിക്റ്റ് സെൻസനുസരിച്ച് മന്ത്രിമാരെല്ലാം വരേണ്ടതാ ണ്. കൂട്ടുത്തരവാദിത്വമുണ്ട്. എന്നാലും സപ്ലിമെന്ററി ഡിമാന്റ്സ് എല്ലാ വകുപ്പു കളിലേയുമായതുകൊണ്ട് വരേണ്ടതാണ്.

പിന്നെ മന്ത്രിയില്ലെങ്കിൽ എല്ലാത്തിനും ധനകാര്യ വകുപ്പുമന്ത്രി മറു പടി പറയും.

ശ്രീ. ടി.എം. ജേക്കബ് : അത് ശരിയല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : അത് ശരിയല്ല. അവർ വരണം.

മി. സ്പീക്കർ : ബന്ധപ്പെട്ട മന്ത്രിമാർ വരേണ്ടതാണ്, അവർതന്നെ മന സ്സിലാക്കി ചെയ്യേണ്ടതാണ്. ഓർഡർ..... ഓർഡർ.....

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളി ക്കുന്നതാണ്.

(1999 ഡിസംബർ മാസം 27-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.59 നു പിരിഞ്ഞു.

അനുബന്ധം - I

[23-12-1999-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 30 (*266) ദയവായി കാണുക]

സംരക്ഷിത സ്മാരകങ്ങൾ - കേരള പുരാവസ്തു വകുപ്പ്

തിരുവനന്തപുരം ജില്ല

1. മുടവൂർപ്പാറ വെട്ടുകൽ ഗുഹാക്ഷേത്രം
2. തിരുനാരായണപുരം വിഷ്ണുക്ഷേത്രം
3. ത്രിവിക്രമമംഗലം ക്ഷേത്രം
4. നീറമൺകര ക്ഷേത്രം
5. തിരുവനന്തപുരം കോട്ട
6. വിഴിഞ്ഞം ഭഗവതിക്ഷേത്രം

LIBRARY ARCHIVES Kerala Legislative Assembly

7. വിഷ്ണുക്ഷേത്രം അരുവിക്കര
8. അമ്മച്ചിപ്ലാവ്, നെയ്യാറ്റിൻകര
9. കോയിക്കൽ കൊട്ടാരം, നെടുമങ്ങാട്
10. ശ്രീവിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെ ജൻമസ്ഥലം - കണ്ണമ്മൂല
11. അയ്യിപ്പിള്ളി - അയ്യിനിപ്പിള്ള ആശാൻ സ്മാരകം - കോവളം
12. ശ്രീപത്മനാഭക്ഷേത്രത്തിനുചുറ്റുമുള്ള കോട്ടയും കോട്ടവാതിലുകളും
13. പാണ്ഡവൻപാറ - പെരുങ്കടവിള
14. വഞ്ചിയൂർ വില്ലേജിൽപ്പെട്ട തിരുവനന്തപുരം കോട്ടയുടെ ഭാഗങ്ങൾ

കൊല്ലം ജില്ല

15. മഹാശിലായുഗ ശ്മശാനം - പുതങ്കര
16. കോട്ടുക്കൽ വെട്ടുകൽഗുഹാക്ഷേത്രം - ചടയമംഗലം
17. ചാത്തമത്ത് ക്ഷേത്രം - ചാത്തന്നൂർ
18. മാടൻകാവ് - മങ്ങാട് കൊല്ലം
19. പുനലൂർ തൂക്കുപാലം

ആലപ്പുഴ ജില്ല

20. ബുദ്ധവിഗ്രഹം, കൃഷ്ണപുരം കൊട്ടാരം
21. തൃക്കാക്കുടി വെട്ടുകൽ ഗുഹ
22. ബുദ്ധവിഗ്രഹം, മാവേലിക്കര
23. കരുമാടിക്കുട്ടൻ, ആലപ്പുഴ
24. ബുദ്ധവിഗ്രഹം, ഭരണിക്കാവ്
25. നരസിംഹക്ഷേത്രം, ചെങ്ങന്നൂർ
26. കൃഷ്ണപുരം കൊട്ടാരം, കായംകുളം

എറണാകുളം

27. കരിക്കോട് അണ്ണാമലനാഥർ ക്ഷേത്രം
28. ശിലാലിഖിതം ചേന്നമംഗലം
29. പള്ളിപ്പുറം കോട്ട
30. മഞ്ഞപ്ര ക്ഷേത്രം
31. കല്ലിൽ ഗുഹാക്ഷേത്രം കുന്നത്തുനാട്
32. കോട്ടയിൽ കോവിലകം - ചേന്നമംഗലം
33. വൈപ്പിക്കോട്ട സെമിനാരി - ചേന്നമംഗലം
34. ശിലാലിഖിതം - പറവൂർ
35. പഴയ കച്ചേരികെട്ടിടം - യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവാ
36. പാഴൂർ പെരുംതൃക്കോടിൽ

LIBRARY ARCHIVES Kerala Legislative Assembly

37. ഉളിയന്നൂർ മഹാദേവക്ഷേത്രം
38. അരിയിട്ടുവാഴ്ച കോവിലകം - മട്ടാഞ്ചേരി
39. ഊരമന ക്ഷേത്രം
40. ശിവനാരായണ ക്ഷേത്രം, തിരുനായത്തോട്

തൃശ്ശൂർ ജില്ല

41. പോർക്കളം മഹാശിലായുഗ കല്ലറകൾ
42. കീഴ്ത്താളിക്ഷേത്രം
43. വടക്കേച്ചിറകൊട്ടാരവളപ്പിലെ നാഗരാജ നാഗയക്ഷി വിഗ്രഹങ്ങൾ
44. വടക്കേച്ചിറ കൊട്ടാരവളപ്പിൽ - കോഴിക്കോട് സാമൂതിരിയുടെ ശവകുടീരം
45. ശക്തൻ തമ്പുരാന്റെ ശവകുടീരം - വടക്കേച്ചിറകൊട്ടാരം
46. കൊച്ചിരാജാവായിരുന്ന രാമവർമ്മ മഹാരാജാവിന്റെ ശവകുടീരം
47. ചേരമാൻപറമ്പ്
48. അരിയന്നൂർ ക്ഷേത്രം
49. നെടുംകോട്ടയും അവശിഷ്ടം - കിഴക്കുമുറി
50. മഹാശിലായുഗ ഏകശിലാസ്മാരകം - കുറ്റൂർ
51 വടക്കേച്ചിറകൊട്ടാരത്തിന്റെ പടിഞ്ഞാറേവാതിൽ
52. വടക്കേച്ചിറകൊട്ടാരത്തിന്റെ കിഴക്കേവാതിൽ
53. ടിപ്പുവിന്റെ കൊടിമരം
54. കോടശ്ശേരി പറമ്പിക്കുളം വനത്തിനുള്ളിലെ താഴെപ്പറയുന്ന സ്മാരകങ്ങൾ
1. ആനപ്പന്തയിലെ കല്ലറ
2. പുതുപ്പാറയിലെ കല്ലറ
3. പുതുപ്പാറയിൽ ട്രാവൻകൂർലൈനിന് അടുത്തുള്ള കല്ലറ
4. മൈലാടപ്പുരിലെ മുനിയറ

പാലപ്പിള്ളി സബ് റെയ്ഞ്ച്

5. ഗണപതി വിഗ്രഹം - ഇലിക്കോട്
6. തകർന്ന വിഷ്ണുക്ഷേത്രം തൃക്കൂർ ബീറ്റ്
7. ബന്ദമലയിലെ ശിവക്ഷേത്രം
8. വടക്കിണർ - ബന്ദമല

കോടശ്ശേരി എളിപ്പാറ ബീറ്റ്

9. മുനിപ്പാറ - 6 മുനിയറകൾ
10. ചെന്ദ്രായി - 3 മുനിയറകൾ
11. കൂനംകുഴിക്കര - 2 മുനിയറകൾ
12. അടിയാപ്പള്ളി - 1 മുനിയറ

കോർമലബീറ്റ്

1093/2010.

LIBRARY ARCHIVES Kerala Legislative Assembly

13. വാലത്തൂതങ്ങ് - 2 മുനിയറകൾ

ചുർമല ബീറ്റ്

14. ഇരപ്പനപ്പാറ - 3 മുനിയറകൾ

തൃശ്ശൂർ ഫോറസ്റ്റ് റെയ്ഞ്ച് നെൻമാറ

15. ഗുഹാക്ഷേത്രം - നെൻമാറയ്ക്കുസമീപം

16. വൈലത്താൻപാറ - 1 മുനിയറ

17. അത്തനാടുകുന്ന് - തകർന്ന ശിവക്ഷേത്രം

പറവത്താനി

18. തങ്ങിക്കാട് - 2 മുനിയറകൾ

19. അടുക്കളപ്പാറ - 1 മുനിയറ

20. വെർട്ടിലപ്പാറ - 2 മുനിയറകൾ

21. വാണിയംപാറ - 1 മുനിയറ

22. കൈവിക്കാട് - 1 മുനിയറ

23. പെരുന്താവർ - 15 മുനിയറകൾ

24. തളിക്കുഴി - 9 മുനിയറകൾ

25. ബാണന്റെ കോട്ടയും ശിവക്ഷേത്രവും സ്ഥിതിചെയ്തിരുന്ന സ്ഥലം - പന്നാർച്ചേരി

26. കുണ്ടൻതോട് - 1 മുനിയറ

27. കുണ്ടൻതോട് - 1 മുനിയറ

മെച്ചാട് ഫോറസ്റ്റ് റെയ്ഞ്ച്

28. ശിവക്ഷേത്രം - എളനാട് വില്ലേജ്

ചേലക്കര

29. ശിവക്ഷേത്രം - റിസർവ് ചേലക്കരബീറ്റ്

ചെച്ചാട്

30. 3 മുനിയറകൾ - പള്ളംപറത്ത - വാഴാനിബീറ്റ്

31. മുക്കുന്നിപ്പാറ - 4 മുനിയറകൾ

32. ചേപ്പാറ - 4 മുനിയറകൾ

33. തകർന്ന ശാസ്താക്ഷേത്രം - അയ്യപ്പക്കുന്ന്

55. വട്ടെഴുത്ത് ലിഖിതമുള്ള കല്ല് - കല്ലേറ്റുകര

56. മുകുന്ദപുരം ക്ഷേത്രപരിസരത്തുള്ള കിടങ്ങുകളും കോട്ടയും പുരാതന കെട്ടിടങ്ങളുടെ അസ്ഥിവാരങ്ങളും

57. മഹാശിലായുഗകാലത്തെ നടുകല്ല് - വില്ലാവട്ടം

58. മഹാശിലായുഗ കല്ലറ - കർലോൺ മുകുന്ദപുരം

59. ചരിത്രാതീതകാലഗുഹ - കോട്ടപ്പുറം

60. മഹാശിലായുഗസ്മാരകം - പുഴക്കൽ

61. തൃക്കൂർ മഹാദേവക്ഷേത്രം

62. ഇരുന്നിലക്കോട് ക്ഷേത്രം

LIBRARY ARCHIVES Kerala Legislative Assembly

63. വടക്കേച്ചിറ കൊട്ടാരത്തിന്റെ തെക്കും വടക്കുമുള്ള കോട്ടകൾ
64. മഹാശിലായുഗസ്മാരകം - മുളങ്കുന്നത്തുകാവ്
65. ശക്തൻ തമ്പുരാൻ കൊട്ടാരം
66. അർണോസ്പാതിരിയുടെ ഭവനവും സെന്റ്ഫെറോന പള്ളിയും
67. കോട്ടപ്പുറം കോട്ട

കോട്ടയം ജില്ല

68. പുണ്ഡരീകപുരം ദേവസ്വം

പാലക്കാട് ജില്ല

69. കാട്ടിൽമാടം

ഇടുക്കി ജില്ല

70. എഴുത്തുപാറ
71. മംഗളാദേവി ക്ഷേത്രം

കോഴിക്കോട് ജില്ല

72. വാസ്കോഡിഗാമ കപ്പലിറങ്ങിയ സ്ഥലം - കാപ്പാട്
73. കുഞ്ഞാലിമരയ്ക്കാരുടെ ഭവനം
74. ടിപ്പുവിന്റെ കോട്ട - പയ്യോളി
75. കല്പത്തൂർ ഭരദേവതാക്ഷേത്രം

കാസർഗോഡ് ജില്ല

76. പൊയിലിക്കോട്ട
77. ചന്ദ്രഗിരിക്കോട്ട
78. പീലിക്കോട് ഗുഹ

വയനാട് ജില്ല

79. വീരപഴശ്ശിയുടെ ശവകുടീരം
80. എടയ്ക്കൽ ഗുഹ

മലപ്പുറം ജില്ല

81. ശ്രീ. വെങ്കിടത്തേവർ ക്ഷേത്രം - കോട്ടയ്ക്കൽ

കണ്ണൂർ ജില്ല

82. ഏഴിമല കോട്ട
83. തൊടീക്കുളം ശിവക്ഷേത്രം - കണ്ണവം

കന്യാകുമാരി ജില്ല - തമിഴ്നാട്

84. പത്മനാഭപുരം കൊട്ടാരം - തക്കല

LIBRARY ARCHIVES Kerala Legislative Assembly